പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *145 — 14.12.2012 ൽ മറുപടിയ്ക്ക്

## തൊഴിൽ സേന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷിഭവനുകളിൽ തൊഴിൽസേന രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) തൊഴിൽ സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കർഷകർ നേരിടുന്ന കർഷക തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുക എന്ന ഉദ്ദേശത്തോടെയാണ് തൊഴിൽസേന രൂപീകരിക്കപ്പെടുന്നത്. അതാത് പ്രദേശത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കർഷക തൊഴിലാളികളുടെയും, ജനപ്രതിനിധികളുടെയും, കാർഷിക വികസന സമിതി അംഗങ്ങളുടെയും, കുടുംബശ്രീ അംഗങ്ങളുടെയും സംയുക്ത യോഗം എല്ലാ കൃഷി ആഫീസർമാരും വിളിച്ച് ചേർത്ത് തൊഴിൽ സേന രൂപീകരിക്കുന്നു. ഒരു ജനപ്രതിനിധി, കൃഷി ഓഫീസർ, കർഷക സംഘടന, കർഷക തൊഴിലാളി സംഘടന എന്നിവയുടെ ഓരോ പ്രതിനിധിയും സമിതി അംഗങ്ങളായിരിക്കും. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവയുടെ പ്രവർത്തനം നടപ്പാക്കുന്നത്; | (സി) ത്രിതല പഞ്ചായത്തുകളും, കൃഷി വകുപ്പ് ബ്ലോക്ക് തലത്തിൽ ആരംഭിക്കുന്ന കർഷക സേനയും (അഗ്രോ സർവ്വീസ് സെന്റർ) ചേർന്നാണ് ഇവയുടെ പ്രവർത്തനം നടപ്പിലാക്കുന്നത്. |
| (ഡി) കാർഷിക രംഗത്ത് എന്തെല്ലാം സഹായങ്ങളാണ് ഈ സേനവഴി ലഭ്യമാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്; വിശദമാക്കുമോ? | (ഡി) നടീൽ മുതൽ വിളവെടുപ്പ്, സംസ്കരണം, വരെയുള്ള കൃഷി പണികൾ, തെങ്ങുകയറ്റം, ജൈവവളം. കീടനാശിനി പ്രയോഗം, തുടങ്ങിയവയ്ക്കുള്ള യന്ത്രങ്ങൾ പ്രവർത്തിപ്പിക്കൽ എന്നിവയ്ക്ക് കർമ്മസേനയിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താം, കർമ്മസേനയിലെ അംഗങ്ങളുടെ കൂലി, ജോലി സമയം എന്നിവ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള സമിതി നിശ്ചയിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ